# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2375** **18.12.2012 ൽ മറുപടിക്ക്**

## സ്വർണ്ണവില്പനയിലെ നികുതി വെട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | സ്വർണ്ണ വില്പന വഴി 2011-12 സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര രൂപ ലഭിച്ചു; | (എ) | സ്വർണ്ണ വില്പന വഴി 2011-12 സാമ്പത്തിക വർഷം നികുതിയിനത്തിൽ 302.20 കോടി രൂപ ലഭിച്ചു; |
| ബി) | 2012-13 സാമ്പത്തിക വർഷം ഇതേവരെ എന്തു തുക ലഭിച്ചു; | (ബി) | 2012-13 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ 221.52 കോടി രൂപ ലഭിച്ചു. |
| (സി) | സംസ്ഥാനത്ത് സ്വർണ്ണ വില്പനയിലെ നികുതി വെട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | (സി) | സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് 5 ശതമാനവും, ഗോൾഡ് ബാർ, കോയിൻ എന്നിവയ്ക്ക് 1 ശതമാനവുമാണ്. ഈ മേഖലയിൽ നിന്നും കൂടുതൽ വരുമാനം നേടേണ്ടതിനാലും നികുതി വെട്ടിപ്പ് ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനുവേണ്ടിയും ഈ മേഖലയിൽ ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. മുമ്പ് നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ കോമ്പൗണ്ടിംഗ് നികുതിക്ക് വിറ്റുവരവുമായിയാതൊരു ബന്ധവുമില്ലായിരുന്നു. തലേവർഷം |

→

അടച്ച നികുതിയെ മാത്രം മാനദണ്ഡമാക്കിയാണ് ഇത് നിശ്ചയിച്ചിരുന്നത്. എന്നാൽ സ്വർണ്ണവില വർദ്ധനവിന്റെ പശ്ചാത്തലത്തിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന പല വ്യാപാരികളുടെയും വിറ്റു വരവും നികുതി അടവും തമ്മിൽ വലിയ അന്തര മുള്ളതായി കണ്ടതിനാൽ പുതിയ വ്യവസ്ഥയിൽ നികുതി യുടെ വിറ്റുവരവുമായി ബന്ധ പ്പെടുത്തി വിറ്റുവരവ് സ്ലാബിന നുസരിച്ചുള്ള നിശ്ചിത ശതമാനമോ തലേവർഷത്തെ വിറ്റു വരവിന്റെ 1.25 ശതമാനമോ ഏതാണോ കൂടുതൽ അത് കോമ്പൗണ്ടിംഗ് നികുതിയായി തനതുവർഷം അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കോമ്പൗണ്ടിംഗ് വ്യവസ്ഥ നികുതി പിരിവിന് ഗുണകരമാണെന്ന് കണ്ട് യുക്തമായ പരിഷ്കാരങ്ങൾ വരുത്തി ഇക്കൊല്ലവും ഈ വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. വ്യാപകമായ നികുതി വെട്ടിപ്പ് ഉള്ള മേഖലയാണ് സ്വർണ്ണവ്യാപാരം എന്നത് കണക്കിലെടുത്ത് നികുതി നിരക്ക് കുറവ് വരുത്തുന്ന തിനേക്കാൾ കോമ്പൗണ്ടിംഗ് വ്യവസ്ഥയാണ് ഈ മേഖല യിൽ നികുതി പിരിവിന് അഭില ഷണീയം. നികുതി പിരിവിൽ ഉണ്ടായ വർദ്ധനവ് ഇത് സാധൂ കരിക്കുന്നു. എന്നാലും സ്വർണ്ണ വ്യാപാരികൾ നികുതിനിരക്കിനെപ്പറ്റി ഉന്നയിച്ച വിവിധ പ്രശ്നങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഗുലാത്തി ഇൻസ്ടിറ്റ്യൂട്ട് ഫോർ ഫിനാൻസ് & ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ